കേരള സർക്കാർ

# സംസ്ഥാന വന നയം
## (കരട്)

**2007**


വനംവന്യജീവി കാര്യാലയം
വഴുതയ്ക്കാട്, തിരുവനന്തപുരം

# സംസ്ഥാന വന നയം (കരട്)

## 1. ആമുഖം

വനങ്ങൾ, മനുഷ്യരാശിക്കും മറ്റ് ജീവജാലങ്ങൾക്കുമായി പ്രകൃതി കനിഞ്ഞു നൽകിയ വരദാനമാണ്. നമ്മുടെ കുട്ടികൾക്കായുള്ള പൂർവ്വിക സ്വത്തായിക്കണ്ട് തലമുറകൾക്കായി വനത്തെ കാത്തുസൂക്ഷിക്കേണ്ടതുണ്ട്. സൂക്ഷിപ്പുകാർ എന്ന നിലയിൽ ഇന്നിന്റെ ആവശ്യങ്ങളെ നിറവേറ്റുമ്പോൾ ഭാവിതലമുറകളുടെ ആവശ്യങ്ങളെ നിറവേറ്റാനുള്ള ബാധ്യതകൂടിയുണ്ടെന്ന ബോധത്തോടെ നാം പ്രവർത്തിച്ചേ മതിയാവൂ. ഇവിടെ നമുക്കുമുമ്പിൽ അനാവശ്യ ഒത്തു തീർപ്പുകളുണ്ടാവാൻ പാടില്ല. വനവിഭവങ്ങളുടെ ഉപയോഗം വർദ്ധിച്ചു വരുന്നത് പ്രധാനപ്പെട്ട പ്രശ്നമാണ്. തലമുറയുടെ ആഗ്രഹങ്ങൾക്ക് പ്രാധാന്യമേറുന്നു എന്നത് പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. പ്രകൃതിയുടെ നിയമങ്ങൾക്കനുസരിച്ചുള്ള ഉപഭോഗം മാത്രമേ വനത്തിന്റെ നിലനിൽപ്പിന് സഹായകമാവുകയുള്ളൂ. അനിയന്ത്രിതമായ ഉപഭോഗം സമ്മാനിക്കുന്നത് ആഴമേറിയ അപകടമായിരിക്കും. ഭൂമിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ സമഗ്രമായി വിലയിരുത്തിക്കൊണ്ട് ഗാന്ധിജി പറഞ്ഞു.

> "*എല്ലാ മനുഷ്യരുടെയും ആവശ്യങ്ങൾ നിറവേറ്റാൻ ഭൂമിക്കു കഴിയും;*
> *ആർത്തി നിറവേറ്റാൻ കഴിയുകയില്ല*".

ആർത്തിപൂണ്ട കണ്ണുകളോടെ വനത്തിനുമേൽ ചാടിവീഴുന്നത് സർവ്വനാശത്തിലേയ്ക്കുള്ള പടപ്പുറപ്പാടാണ്. നാശത്തിൽ നിന്നും സജീവതയിലേക്ക് നാം പ്രയാണമാരംഭിച്ചേ മതിയാവൂ. ഇതിന് വനത്തെ കാത്തുസംരക്ഷിക്കേണ്ടത് അനിവാര്യമാണ്. വനങ്ങൾ ജനങ്ങളുടേതാണ്. വനങ്ങൾ ജനങ്ങളുടെ ജീവിതവും ആത്മാവുമാണ്. അവ സംരക്ഷിക്കുകയും, പരിപാലിക്കുകയും, വളർത്തുകയും വേണം.

ഒരു രാജ്യത്തിന്റെ വികസനത്തിന്റെയും അഭിവൃദ്ധിയുടെയും രമ്യഹർമ്മ്യങ്ങളും താഴികക്കുടങ്ങളും പണിതുയർത്തിയിരിക്കുന്നത് വനങ്ങളും മറ്റ് പ്രകൃതി വിഭവങ്ങളും നൽകുന്ന കരുത്തുറ്റ അടിത്തറയുടെ മുകളിലാണ്. സേവനത്തിന്റെയും, വിഭവങ്ങളുടെയും അമൂല്യമായ കലവറയാണ് മനുഷ്യരാശിക്കുവേണ്ടി വനങ്ങൾ ഒരുക്കിവെച്ചിരിക്കുന്നത്. തടി, വിറക്, മറ്റ് വനോൽപ്പന്നങ്ങൾ എന്നിവയാണ് വനവിഭവങ്ങളിൽ ഉൾപ്പെടുക. നദികളുടെ ജനനികളാണ് വനങ്ങൾ. നദികളെ ജനിപ്പിക്കുന്ന പർവ്വതപ്രദേശങ്ങളിലെ ജനപ്രഭവകേന്ദ്രങ്ങളെ ഉറവവറ്റാതെ നിലനിർത്തുന്നതും, മണ്ണൊലിപ്പ്, വെള്ളപ്പൊക്കം, വരൾച്ച എന്നിവ തടയുന്നതും, അനുയോജ്യമായ കാലാവസ്ഥയെ പ്രദാനം ചെയ്യുന്നതുമുൾപ്പെടെ എണ്ണമറ്റ സേവനങ്ങളാണ് കാടുകൾ കാഴ്ചവെയ്ക്കുന്നത്. മാനസികോല്ലാസത്തിനും, ആത്മീയ ഉണർവ്വിനും, സൗന്ദര്യഭാവനകൾ ചിറകുവിരിക്കുന്നതിനും പ്രചോദനമേകുന്നത് വനങ്ങൾ നൽകുന്ന മറ്റൊരു സംഭാവനയാണ്.

എണ്ണമറ്റ സസ്യ ജന്തുജാലങ്ങൾക്ക് വീടൊരുക്കി, ആവാസവ്യവസ്ഥയെ തകർച്ചകൂടാതെ നിലനിർത്തിക്കൊണ്ടുപോകുന്നതിലൂടെ വനങ്ങൾ മാനവരാശിക്ക് നൽകുന്നത് വിലമതിക്കാനാവാത്ത സേവനമാണ്. ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹങ്ങൾക്ക് അന്നവും ആലയവമൊരുക്കി കാത്തു സംരക്ഷിക്കുന്ന കടമയും വനങ്ങൾ നിറവേറ്റുന്നുണ്ട്. പ്രകൃതിയോടിണങ്ങിയുള്ള വിനോദസഞ്ചാര പദ്ധതികൾ ഉൾപ്പെടെ തദ്ദേശിയവാസികളുടെ സാമ്പത്തിക ഉന്നതിക്കായ്ക്കുള്ള വഴികളും നമ്മുടെ ഹരിതവനങ്ങൾ ഒരുക്കുന്നുണ്ട്.

കേരളത്തിന്റെ സന്തുലിതമായ കാലാവസ്ഥയ്ക്ക് നന്ദിപറയേണ്ടതും നമ്മുടെ വനങ്ങളോടാണ്. ഈ വനങ്ങളിലേറിയപങ്കും സ്ഥിതിചെയ്യുന്നത് പശ്ചിമഘട്ടമലനിരകളിലാണ്. സങ്കീർണ്ണവും, വൈവിധ്യവുമാർന്ന മലനിരകളും, മഴയുടെ ഉയർന്ന അളവും, നിയന്ത്രിതമായ താപനിലയുമെല്ലാം കൂടി ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട 34 ജൈവവൈവിധ്യമേഖലകളിലൊന്നായി നമ്മുടെ പശ്ചിമഘട്ട മലനിരകളെ മാറ്റിയിട്ടുണ്ട്. ജൈവവൈവിധ്യങ്ങളുടെ കലവറയായ കേരളത്തിലെ ഈ മഴക്കാടുകൾ രാജ്യത്തെ വനമേഖലയിൽ പ്രാധാന്യമേറിയതാണ്.

കേരളത്തിന്റെ ജീവനാഡികളായ 44 നദികളുടെ ഉത്ഭവകേന്ദ്രങ്ങൾ ഈ വനമേഖലയാണ്. ലോകത്തിലെ ഏറ്റവും പഴക്കമേറിയ തേക്കിൻ തോട്ടങ്ങളും, ഇന്ത്യയിലെ ആദ്യകാല റിസർവ്വ് വനമേഖലകളുമെല്ലാം നമ്മുടെ സംസ്ഥാനത്താണുള്ളത്. ദൈവത്തിന്റെ സ്വന്തം നാടായും, വിനോദസഞ്ചാരികളുടെ പറുദീസയായും കേരളത്തെ മാറ്റിത്തീർത്തതിൽ വനങ്ങളുടെ പങ്ക് വളരെ വലുതാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ കാര്യമായി സ്വാധീനിക്കുന്ന തോട്ടവിളകളായ ഏലം, റബ്ബർ, കാപ്പി, തേയില തുടങ്ങിയവയുടെ ഉൽപാദനത്തിനും വനങ്ങൾ നൽകുന്ന പാരിസ്ഥിതിക പിന്തുണ എടുത്തുപറയേണ്ടതാണ്.

വനങ്ങൾക്കുപുറമേ, അങ്ങേയറ്റം പ്രാധാന്യമുള്ളതും, എന്നാൽ നാളിതുവരെയും വേണ്ടത്ര പരിഗണനകൾ ലഭിക്കാത്തതുമായ ആവാസവ്യവസ്ഥകൾ സംസ്ഥാനത്തുണ്ട്. നമ്മുടെ ചതുപ്പുനിലങ്ങൾ തീരപ്രദേശങ്ങൾ, കണ്ടൽകാടുകൾ, കാവുകൾ, കായലുകൾ, അഴിമുഖങ്ങൾ എന്നിവയെല്ലാം മേൽപ്പറഞ്ഞതതിൽപ്പെടുന്നു. ജൈവവൈവിധ്യങ്ങളുടെ വമ്പൻ ശേഖരമായ ഈ മേഖലകളെ അവയർഹിക്കുന്ന പ്രാധാന്യം നൽകിയസംരക്ഷിക്കേണ്ടതുണ്ട്.

ജനപ്പെരുപ്പം സൃഷ്ടിക്കുന്ന സമ്മർദ്ധംമൂലം ഭൂമിക്കുവേണ്ടിയുള്ള ആർത്തിയേറുന്നതിന്റെ ഫലമായുണ്ടാകുന്ന കൈയ്യേറ്റം, വിവിധ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി വനഭൂമിയെ മാറ്റിയെടുക്കുന്നതും, രൂക്ഷമായ തൊഴിലില്ലായ്മ, സ്ഥാപിത താൽപര്യക്കാരുടെ ഇടപെടലുകൾ എന്നിവയെല്ലാം വനഭൂമിയുടെയും വനത്തിനു പുറത്തുള്ള അമൂല്യമായ ആവാസവ്യവസ്ഥകളുടെയും നാശത്തിലേക്ക് വഴിതെളിക്കുന്നു. ഈ ഭീഷണികൾ ഇപ്പോഴും നിലനിൽക്കുന്നു എന്നത് നാം ഗൗരവപൂർവ്വം കാണണം.

ഈ വിധ നശീകരണങ്ങളാൽ മനുഷ്യന്റെയും  ജീവജാലങ്ങളുടെയും നിലനിൽപ്പിനുവേണ്ടി വനങ്ങൾ നൽകുന്ന സംഭാവന കുറഞ്ഞുവരികയാണ്. വിഭവങ്ങൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യാതിരിക്കുകയും, വനസമ്പത്തിനെ പരിപോഷിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കാതിരിക്കുകയും ചെയ്യുന്നതിലൂടെ മാനവരാശിയുടെ നിലനിൽപ്പുതന്നെ അപകടത്തിലായിരിക്കുന്നു. ദൗർഭാഗ്യകരമെന്നു പറയട്ടെ, ഈ വിധ നശീകരണങ്ങളുടെ ദുരിതം മുഴുവൻ പേറേണ്ടിവരുന്നത് സമൂഹത്തിലെ സമ്പന്നരേക്കാൾ വനത്തെ ആശ്രയിച്ച് ജീവിതം കരുപ്പിടിപ്പിച്ചിരിക്കുന്നവരുൾപ്പെടെയുള്ള ദുർബ്ബല ജനവിഭാഗങ്ങൾക്കാണ്. വനവും, വനവുമായി ബന്ധപ്പെട്ടുന്ന ആവാസവ്യവസ്ഥകളും ബുദ്ധിപരമായി സംരക്ഷിക്കപ്പെടുന്നില്ലെങ്കിൽ വനവിഭവങ്ങളുടെ അപരിഹാര്യമായ കുറവിനും, നാശത്തിനും വഴിയൊരുക്കും. വനവിഭവങ്ങൾ വിവേകപൂർവ്വം ഉപയോഗിച്ചെങ്കിൽ മാത്രമേ അഭംഗുരമായ വികസനം സാദ്ധ്യമാവുകയുള്ളു.

ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളുടെ 48 (എ) വകുപ്പു പ്രകാരം പരിസ്ഥിതി സംരക്ഷിച്ച്, വനങ്ങളേയും വന്യജീവികളേയും കാത്തു സംരക്ഷിച്ച് നിലനിർത്തുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാരുകൾ നിറവേറ്റേണ്ടുന്നതാണ്. പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്ക് കോട്ടംതട്ടാതെ നിലനിർത്തി, എല്ലാ ജീവജാലങ്ങളോടും

ദയാലുക്കളായി വനങ്ങളേയും, പുഴകളേയും, തടാകങ്ങളേയും സംരക്ഷിച്ച് നിലനിർത്തുക എന്നത് ഓരോ പൗരന്റെയും കടമയാണെന്ന് ഭരണഘടനയുടെ 51 (എ) വകുപ്പ് ഊന്നിപ്പറയുന്നുണ്ട്.

വനങ്ങളെ ജനങ്ങളുടെ സ്വത്തായിട്ടാണ് ബഹു. സുപ്രീംകോടതി കണക്കാക്കിയിരിക്കുന്നത്. വനസമ്പത്തിനെ സംരക്ഷിക്കേണ്ടതും ദുരുപയോഗം തടയേണ്ടതും പൗരന്മാരുടെ കടമയാണെന്നും ബഹു.സുപ്രീംകോടതി പറയുന്നു. പരിസ്ഥിതിക്കെതിരെയുള്ള ഏത് ഭീഷണിയും, ആരോഗ്യപൂർണ്ണമായ ജീവിതം നയിക്കാൻ ഭരണഘടനയുടെ 21-ാം വകുപ്പ് നൽകുന്ന ഉറപ്പിന്റെ ലംഘനമാണ്.

കാലാകാലങ്ങളിൽ രൂപപ്പെടുത്തിയിട്ടുള്ള ദേശീയ വനനയങ്ങളെ പിന്തുടർന്നാണ് കേരളത്തിലെ വനങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുള്ളത്. ജി.ഒ (എം.എസ്) 1/87 തീയതി 07..01..1987, ജി.ഒ (എം.എസ്) 3/98/വനംവന്യജീവി തീയതി 07..01..1998 എന്നീ ഗവൺമെന്റ് ഉത്തരവുകളെ കേരളത്തിന്റെ തനതായ വനനയം രൂപീകരിക്കുന്നതിനുള്ള പ്രാഥമിക ചുവടുവെയ്പ്പുകളായി കണക്കാക്കാം.

എന്നിരുന്നാലും, വനത്തിന്റെയും ജൈവവൈവിധ്യങ്ങളുടെയും സംരക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെയും വനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരുടെയും പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ സമഗ്രമായ ഒരു വനനയം അത്യന്താപേക്ഷിതമാണ്.

വനവിഭവങ്ങളുടെയും, വന്യജീവികളുടെയും അനുബന്ധകാര്യങ്ങളുടെയും ഫലപ്രദമായ കൈകാര്യകർതൃത്വത്തിന് എല്ലാ സംസ്ഥാനങ്ങൾക്കും വനനയരേഖ വേണമെന്ന് ദേശീയ വന കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനങ്ങൾ പ്രഖ്യാപിക്കുന്ന വനനയങ്ങളുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനും പിഴവുകൾ തിരുത്തുന്നതിനും പ്രത്യേകമായ സംവിധാനം ഇതോടൊപ്പം നടപ്പിലാക്കണമെന്നും കമ്മീഷൻ ആവശ്യപ്പെടുന്നു.

വനങ്ങളുടെ പ്രാധാന്യവും, വനങ്ങളും മനുഷ്യരും തമ്മിലുള്ള പരസ്പരബന്ധവും കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ഈ വനനയം സ്വീകരിക്കുന്നു.

## 2. വീക്ഷണം

ജനസാന്ദ്രതയേറിയതും, ജനനിബിഡവുമായ സംസ്ഥാനമാണ് കേരളം. ജനസാന്ദ്രത സംസ്ഥാനം മുഴുവൻ വ്യാപിച്ചു കിടക്കുന്നു എന്ന പ്രത്യേകതയുമുണ്ട്. കേരളീയരുടെ ജീവിതം വനങ്ങളുമായി ഇടകലർന്നതാണ്; പ്രത്യേകിച്ചും മലയോരമേഖലയിൽ. ജനങ്ങളെയും, വനത്തെയും തമ്മിൽ വേർതിരിക്കുക എന്നുള്ളത് അസാദ്ധ്യമാണ്. ആദിവാസികളും, ഗ്രാമീണരിൽ ഒരുവിഭാഗവും വനങ്ങളിൽ നിന്ന് ജീവനോപാധികൾ കണ്ടെത്തുമ്പോൾ വനത്തിൽ നിന്നുള്ള അനുബന്ധസേവനമാണ് നഗരവാസികൾ അനുഭവിക്കുന്നത്. അതുകൊണ്ടുതന്നെ വനസംരക്ഷണവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ജനങ്ങളുടെ പങ്കാളിത്തത്തോടെ ഒരു ജനകീയമുന്നേറ്റമായി രൂപപ്പെടണം.

വനസംരക്ഷണം, വനങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കൽ എന്നിവക്കൊപ്പം വനോൽപ്പന്നങ്ങളുടെയും, സേവനങ്ങളുടെയും വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്കൊപ്പം ചേർന്ന് വനംവകുപ്പ് ഒരു സംയുക്ത പദ്ധതിയും രൂപരേഖയും തയ്യാറാക്കേണ്ടതുണ്ട്. വനസംരക്ഷണത്തിനോടുള്ള താൽപര്യം ഓരോ പൗരന്റെയും മനസ്സിൽ വളർത്തിയെടുക്കുന്നതിനും, അത് തന്റെ സ്വന്തം ആവശ്യമാണെന്നുള്ള ചിന്ത അവന്റെ മനസ്സിൽ ജനിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. വനത്തിനേയും അതിന്റെ പ്രാധാന്യത്തേയും കുറിച്ച് ഓരോ വ്യക്തിയേയും കൂടുതൽ

ബോധവാന്മാരാക്കുന്നതിനൊപ്പം സംസ്ഥാനത്തെ വനങ്ങളുടെ കാവൽഭടന്മാരായി അവരെ മാറ്റിത്തീർക്കുകയും വേണം.

ഒരു സംസ്ഥാനത്തിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള സാമ്പത്തികമായ കരുത്തിന്റെ പിൻബലം അതിന്റെ പാരിസ്ഥിതികമായ കരുത്താണ്. അതുകൊണ്ടുതന്നെ വ്യക്തമായ മാനദണ്ഡങ്ങളുടെയും തത്വങ്ങളുടെയും അടിസ്ഥാനത്തിൽ വനങ്ങളുടെ ജൈവവൈവിധ്യവും ഉപയുക്തതയും നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. പ്രാദേശിയ, ദേശീയ, രാജ്യാന്തര തലത്തിലുള്ള പാരിസ്ഥിതിക പ്രവർത്തനങ്ങൾ വനങ്ങളുടെ ആരോഗ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് ജനതയുടെ സാമൂഹ്യ, സാംസ്കാരിക ആത്മീയ, സാമ്പത്തിക ഉന്നമനത്തെ വളരെയേറെ സ്വാധീനിക്കുന്നുണ്ട്. വനസംരക്ഷണത്തിനായുള്ള ആവാസവ്യവസ്ഥാ സമീപനം ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനേയും നിലനിൽപ്പിനേയും ലക്ഷ്യമിടുന്നു. സർക്കാർ വനങ്ങൾക്കൊപ്പം സ്വകാര്യവനങ്ങളും സൃഷ്ടിക്കുന്ന സാമ്പത്തിക മൂല്യങ്ങളെ വനനയം അഭിനന്ദിക്കുന്നു. തടി വ്യവസായവുമായി ബന്ധപ്പെട്ട സാമ്പത്തിക നേട്ടങ്ങളും വാണിജ്യപരമായ മറ്റു കാര്യങ്ങളും മാറ്റിനിർത്തിക്കൊണ്ടുള്ള നേട്ടങ്ങൾക്കാണ് ഇവിടെ പ്രാമുഖ്യം നൽകുന്നത്. വന–ആവാസവ്യവസ്ഥയുടെ സംരക്ഷണം, സംരക്ഷിത മേഖലകളുടെ ശൃംഖലാരൂപീകരണം, വനഭൂമിയുടെ സ്വാഭാവികത നിലനിർത്തൽ എന്നിവക്കായിരിക്കും പ്രാധാന്യം നൽകുന്നത്.

വനങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന വിഭാഗങ്ങൾക്ക് ഫോറസ്റ്റ് മാനേജ്മെന്റ് തീരുമാനങ്ങളിൽ പങ്കുണ്ടാകും. വനവുമായി ബന്ധപ്പെട്ടുള്ള അവരുടെ സാമൂഹിക, സാംസ്കാരിക, പാരിസ്ഥിതിക, സാമ്പത്തിക നിലനിൽപ്പ് ഉറപ്പുവരുത്തുന്നതിനാണിത്. വനങ്ങളിൽ നിന്നുള്ള ജീവനോപാധികളുടെ ശേഖരണത്തിന് പ്രാഥമിക പരിഗണന നൽകുന്നതുമാണ്. തദ്ദേശവാസികളോടുള്ള സഹകരണത്തിനും, അവരുമായി ചേർന്ന് തീരുമാനങ്ങളെടുക്കുന്നതിനും കൂടുതൽ അവസരങ്ങൾ തുറക്കപ്പെടുകയും ചെയ്യും. സവിശേഷതയാർന്നതും, ചരിത്രപരവും, അഭേദ്യവുമായ ബന്ധം പുലർത്തുന്നതുമായ ആദിവാസികൾക്ക് വനസംരക്ഷണവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നതിൽ നിർണ്ണായകമായ പങ്കുണ്ടായിരിക്കും.

വനവുമായി ബന്ധപ്പെട്ട ആഴമേറിയ അറിവും, ധാരണയും വനംവകുപ്പ് ജീവനക്കാർക്ക് നൽകുകയും ഏറ്റവും മികച്ച സാങ്കേതിക വിദ്യയും, ഉപകരണങ്ങളും അവർക്ക് ലഭ്യമാക്കുകയും ചെയ്യും. വനംവകുപ്പ് ജീവനക്കാരുടെ മനോഭാവത്തിൽ സമൂലമായ പരിവർത്തനമാണ് വിഭാവനം ചെയ്യുന്നത്. കൂടുതൽ താൽപ്പര്യത്തോടെ തന്റെ കടമകൾ നിറവേറ്റുന്നതിന് അവരെ പ്രോൽസാഹിപ്പിക്കും. തീരുമാനങ്ങളെടുക്കുന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥർ ജനങ്ങളോട് മറുപടിപറയാനും ബാധ്യസ്ഥരായിരിക്കും. വനങ്ങളുടെ സ്ഥിതിവിവരങ്ങൾ, വന മാനേജ്മെന്റിന്റെ പ്രവർത്തനം, അവയുടെ ലക്ഷ്യപ്രാപ്തി തുടങ്ങിയവ ജനസമക്ഷം എത്തിക്കുന്നതിനായി പൊതു സ്വീകാര്യവും, പൊതുജനങ്ങൾക്ക് ലഭ്യവുമായ ഒരു വന റിപ്പോർട്ടിംഗ് സംവിധാനവും നടപ്പാക്കും.

മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം തന്നെ വനങ്ങളോടുള്ള നമ്മുടെ വീക്ഷണത്തിന്റെ ഭാഗമാണ്.

വനവുമായി ബന്ധപ്പെട്ട ജനവിഭാഗങ്ങളുടെ ജീവിതത്തിന്റെ താളം തെറ്റിക്കാതെ, സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടെയും ഇന്നിന്റെയും നാളെയുടെയും സാമൂഹിക, സാസ്കാരിക, പാരിസ്ഥിതിക, സാമ്പത്തിക ഉന്നമനം എന്ന ലക്ഷ്യത്തിനായി വനങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണത്തിനും അഭിവൃദ്ധിക്കും ഫലപ്രദമായ

കൈകാര്യകർതൃത്വത്തിനും ശാസ്ത്രീയമായ തത്വങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാനത്തെ ജനങ്ങൾ വനം വകുപ്പുമായി ഇതിനാൽ കൈകോർക്കുന്നു.

## 3. നയ ലക്ഷ്യങ്ങൾ

1) സംസ്ഥാനത്തെ സ്വാഭാവിക വനങ്ങൾ സംരക്ഷിക്കുക, ഭാവിതലമുറക്കുവേണ്ടി പരിപാലിക്കുക, വിസ്തൃതി വർദ്ധിപ്പിക്കുക, സംസ്ഥാനത്തിന്റെ പൊതുവായ അഭിവൃദ്ധിക്ക് പുറമെ വെള്ളം, ജൈവവൈവിധ്യം, പരിസ്ഥിതി, മണ്ണു സംരക്ഷണം തുടങ്ങിയവയ്ക്കും ചരിത്ര, സാംസ്കാരിക, സൗന്ദര്യ മൂല്യങ്ങൾ എന്നിവയ്ക്കും പ്രാധാന്യം നൽകിയായിരിക്കണം ഇത്.

2) ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഫോറസ്റ്റ് പ്ലാന്റേഷനുകളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക.

3) സാമൂഹത്തിന്റെ തടി, തടിയിതര ആവശ്യങ്ങൾക്കായി വനഭൂമിയിലും പുറത്തും വൃക്ഷങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക.

4) സംസ്ഥാനത്തിന്റെ സുരക്ഷിതഭാവിയ്ക്കും, വളർച്ചയ്ക്കുംവേണ്ടി നിലവിലുള്ള ജീൻപൂൾ സംരക്ഷിക്കുകയും, പരിപാലിക്കുകയും, വർദ്ധിപ്പിക്കുകയും ചെയ്യുക.

5) തക്കസമയത്തുള്ള അനുയോജ്യമായ ഇടപെടലുകളിലൂടെ വനങ്ങൾക്കുമേലുള്ള ആഘാതത്തെ ചെറുക്കുക.

6) ആദിവാസികളുടെയും വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന മറ്റു വിഭാഗങ്ങളുടെയും ജീവതവൃത്തി നിറവേറ്റുക

7) വനം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലല്ലാത്ത ജൈവൈവിദ്ധ്യങ്ങളാൽ സമ്പന്നമായ കണ്ടൽക്കാടുകൾ, കാവുകൾ, തീരങ്ങൾ, ചതുപ്പുനിലങ്ങൾ, സ്വകാര്യ തോട്ടങ്ങൾ തുടങ്ങിയ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശങ്ങൾ സുസ്ഥിരമായി പരിരക്ഷിക്കുക.

## 4. നയ തത്വങ്ങൾ

1) വനപരിപാലനത്തിനായി ഇക്കോസിസ്റ്റം സമീപനം സ്വീകരിക്കും

2) വന സമ്പത്ത് ഭാവിതലമുറയ്ക്കുവേണ്ടി സംരക്ഷിക്കുന്നതിന്, സുസ്ഥിരതയ്ക്ക് പ്രധാന്യം നൽകിക്കൊണ്ടുള്ള വനനിയമം  രൂപീകരിക്കും.

3) വനവിഭവങ്ങൾ അവയെ ആശ്രയിക്കുന്ന വിഭാഗങ്ങൾക്ക് പ്രാപ്യമാക്കും

4) വനങ്ങളെ ആശ്രയിക്കുന്ന വിഭാഗങ്ങളുടെയും വനസംരക്ഷണരംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഗുണഭോക്താക്കളുടെ താൽപര്യങ്ങളെയും ആവശ്യങ്ങളെയും ഏകോപിപ്പിക്കുകയും അങ്ങനെ പങ്കാളിത്ത വ്യവസ്ഥയിൽ തീരുമാനങ്ങളെടുക്കുന്നതിൽ അർത്ഥപൂർണമായി പങ്കെടുപ്പിക്കുകയും ചെയ്യും.

5) സുതാര്യതയും ഉത്തരവാദിത്വവും കാര്യക്ഷമതയും ഉറപ്പുവരുത്തിക്കൊണ്ട് മികച്ച ഭരണം കാഴ്ചവെയ്ക്കുന്നതായിരിക്കും.

## 5. പ്രയോഗരീതി

1) മികച്ച മാനേജ്മെന്റിന് മികവേറിയ ഒരു വ്യവസ്ഥ (സിസ്റ്റം) വേണം. ആസൂത്രണം, രേഖപ്പെടുത്തൽ (ഡോക്യുമെന്റേഷൻ) ജോലി നടപ്പിലാക്കൽ, റിപ്പോർട്ടിങ്, മേൽനോട്ടം വഹിക്കൽ, ചുമതല, സംരക്ഷണം, മാനേജ്മെന്റ് എന്നിവ മികച്ച പ്രഫഷണൽ സംവിധാനത്തിന് കീഴിൽ നടപ്പിലാക്കും.

2) മികച്ച സംവിധാനം രൂപപ്പെടുത്തുന്നതിന് മികച്ച ജീവനക്കാർ അനിവാര്യമാണ്. അതുകൊണ്ടുതന്നെ പഴ്സണൽ മാനേജ്മെന്റിന് പ്രാധാന്യം നൽകും.

3) പഴുതുകളില്ലാത്ത വനസംരക്ഷണത്തിന് പ്രദേശവാസികളുടെ പിന്തുണ അനിവാര്യമാണ്. ആദിവാസികൾ, പ്രദേശവാസികൾ എന്നിവരുമായ മികച്ച ബന്ധം കെട്ടിപ്പടുക്കും.

4) വിഭവങ്ങളുടെ ലഭ്യത, അടിസ്ഥാനസൗകര്യങ്ങൾ, ആധുനിക സാങ്കേതിക വിദ്യ എന്നിവ കൊണ്ടുമാത്രമേ മികച്ച മാനേജ്മെന്റ് സൃഷ്ടിക്കാനാകൂ. ഇവയ്ക്കൊപ്പം ആവശ്യത്തിന് ജീവനക്കാരെയും നിയമിക്കും.

5) വനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളും തീരുമാനങ്ങളെടുക്കുന്നവരും ബോധവാൻമാരാകണം. ഫലപ്രദമായ വനസംരക്ഷണത്തിനായി സമഗ്രമായ ബോധവൽക്കരണം നടത്തും.

## 6. പൊതു വന മാനേജ്മെന്റ്

1) ലോകത്തിലെത്തന്നെ ഏറ്റവും വലിയ ജൈവവൈവിധ്യത്തിന്റെ കേന്ദ്രങ്ങളിൽ ഒന്നാണ് കേരളം. പശ്ചിമഘട്ട മലനിരകളിലാണ് ഇവയിൽ ഭൂരിഭാഗവും. ഈ വനങ്ങൾ നിലനിർത്തുകയും സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യും.

2) പ്രകൃതിദുരന്തങ്ങൾ തടയുന്നതിനും നീരൊഴുക്ക് ശക്തിപ്പെടുത്തുന്നതിനും കാർഷികവൃത്തിക്ക് പിന്തുണ നൽകുന്നതിനുമായി നദികളുടെയും അരുവികളുടെയും തടാകങ്ങളുടെയും സംഭരണ പ്രദേശങ്ങളിലെ വെള്ളത്തിനും മണ്ണിനും സംരക്ഷണം നൽകും.

3) വനസംരക്ഷണത്തിന് അത്യന്ത പ്രാധാന്യം നൽകും. സർക്കാരിന്റെ അധീനതയുള്ള എല്ലാ വനഭൂമിയും സമയബന്ധിതമായി സർവ്വെ നടത്തി കയ്യാലകൾ, ജണ്ടകൾ കെട്ടി സംരക്ഷിക്കും.

4) വനഭൂമികൾ വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് വനസംരക്ഷണ നിയമത്തിന് അനുസൃതമായി മാത്രമായിരിക്കും.

5) സ്റ്റേഷൻ സംവിധാനത്തിനു കീഴിൽ സംസ്ഥാനത്തെ മുഴുവൻ വനങ്ങളെയും കൊണ്ടുവരുന്നതിനായി ഫോറസ്റ്റ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കും. വിവിധ ഫോറസ്റ്റ് ബീറ്റുകൾ ഉൾപ്പെട്ടതായിരിക്കും ഒരു ഫോറസ്റ്റ് സ്റ്റേഷൻ.

6) വനഭൂമിയിലെ കഞ്ചാവുകൃഷി, ചാരായവാറ്റ് തടയും.

7) കാട്ടുതീ തടയുന്നതും നിയന്ത്രിക്കുന്നതും വനം വകുപ്പിന്റെ പ്രധാന ചുമതലകളിലൊന്നാണ്. ജനപങ്കാളിത്തത്തോടെ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഈ ലക്ഷ്യങ്ങൾ നിർവ്വഹിക്കും.

8) വനങ്ങളിലെ തോട്ടങ്ങൾ വിജയകരമായി വളർത്തിയെടുക്കുന്നതിന് പരിസ്ഥിതി അനുകൂല സാഹചര്യങ്ങളിൽ വനവൽക്കരണത്തിനൊപ്പം കൃഷിയും പങ്കാളിത്ത വ്യവസ്ഥയിൽ അനുവദിക്കും.

9) കാലാവസ്ഥാപരമായ ഉച്ചകോടി ഇക്കോളജിയ വ്യൂഹം (ക്ലൈമാറ്റിക് ക്ലൈമാക്സ് ഇക്കോസിസ്റ്റം) നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യും.

10) കേരളത്തിലെ വനങ്ങളിലും വനങ്ങൾക്ക് പുറത്തുമുള്ള, അപൂർവ്വങ്ങളും വംശനാശം സംഭവിക്കുന്നതുമായ സസ്യ, ജീവജാലങ്ങളെ കണ്ടെത്തി അവയെ മുൻഗണനാക്രമം നൽകി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യും.

11) ആദിവാസികൾ, വനവാസികൾ എന്നിവർക്കായുള്ള വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനും താഴെത്തട്ടിൽ പ്രവർത്തിക്കുന്നതിനുമായി സംസ്ഥാന–ജില്ലാതലങ്ങളിൽ വിവിധ വകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കും.

12) അംഗീകൃത വർക്കിംഗ് പ്ലാൻ, മാനേജ്മെന്റ് പ്ലാൻ എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കും ഓരോ ഫോറസ്റ്റ് ഡിവിഷനും പ്രവർത്തിക്കും.

13) വനിതകളുടെ സാമ്പത്തിക, സാമൂഹിക സ്ഥിതി ഉയർത്തുന്നതിനായി അവരെ വനം വകുപ്പിന്റെ വിവിധ പദ്ധതികളിൽ പങ്കാളികളാക്കുകയും അതുവഴി വനങ്ങളുടെ മേലുള്ള ആഘാതം കുറക്കുകയും ചെയ്യും.

14) വനങ്ങളുടെ പരിസ്ഥിതിക്ക് കോട്ടം തട്ടാത്തരീതിയിൽ പരിസ്ഥിതി സൗഹൃദ ടൂറിസത്തെ പ്രോൽസാഹിപ്പിക്കും. പരിസ്ഥിതി സൗഹൃദ ടൂറിസത്തിന്റെ നേട്ടങ്ങൾ ഏറ്റവും കൂടുതൽ ലഭിക്കുക പ്രദേശവാസികൾക്കായിരിക്കും.

15) അപൂർവ്വജൈവ വിഭവങ്ങളെക്കുറിച്ചുള്ള അറിവുകൾ ആദിവാസികൾ ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളുടെയും സംസ്ഥാനത്തിന്റെയും ബൗദ്ധികസ്വത്തവകാശം എന്ന നിലയിൽ സംരക്ഷിക്കും.

16) ആസൂത്രണം, മാനേജ്മെന്റ്, രേഖപ്പെടുത്തൽ, റിപ്പോർട്ടിംഗ്, നിരീക്ഷണം മൂല്യ നിർണ്ണയം എന്നിവ നിശ്ചയിക്കുന്നതിനും പ്രോട്ടോക്കോൾതയ്യാറാക്കുന്നതിനുമായി ഗുഡ് ഗവേർണൻസ് സംവിധാനം നടപ്പിലാക്കും. ഐ.എസ്സ്.ഒ. 9001 തുടങ്ങിയ മികവിന്റെ സർട്ടിഫിക്കറ്റുകൾ നേടുകയും ഓരോ വർഷവും അവ നിലനിർത്തുകയും ചെയ്യുക. വകുപ്പിന്റെ നേട്ടങ്ങളും കോട്ടങ്ങളും പൊതുജനങ്ങൾക്ക് വിലയിരുത്തുന്നതിന് കൂടിയാണിത്.

17) സുതാര്യവും വേഗവുമേറിയ തീരുമാനങ്ങളെടുക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യയും അടിസ്ഥാന സൗകര്യങ്ങളും ഉപയോഗപ്പെടുത്തും.

18) അതിർത്തി വനങ്ങളിലെ പ്രശ്നപരിഹാരത്തിനും സഹകരണത്തിനുമായി സംസ്ഥാനാന്തര ബന്ധവും ആശയവിനിമയവും ശക്തിപ്പെടുത്തും.

19) വനം വകുപ്പിലെ രഹസ്യാന്വേഷണവിഭാഗത്തെ ശക്തിപ്പെടുത്തും

20) വംശനാശം നേരിടുന്ന ജന്തുജാലകങ്ങളുടെ വിൽപ്പനയും കള്ളക്കടത്തും തടയുന്നതിനായി സംവിധാനമൊരുക്കും.

21) വനസംരക്ഷണം ഒരു ജനകീയമുന്നേറ്റത്തിലൂടെയാണ് സാധ്യമാക്കുക. വനസംരക്ഷണ സമിതികൾ, ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ തുടങ്ങിയ സമിതികളിലൂടെ വനം

വകുപ്പ് പൊതുജനസമ്പർക്കം വർദ്ധിപ്പിക്കുകയും ജനപങ്കാളിത്തം തേടുകയും ചെയ്യും.

22) വനത്തിൻമേലുള്ള ആഘാതം കുറക്കുന്നതിനായി തടിയും, വിറകും, മറ്റു വനവിഭവങ്ങൾക്കും പകരമായി ബദൽ ഉൽപ്പന്നങ്ങൾ കണ്ടെത്തും.

23) മനുഷ്യവിഭവശേഷി വികസനത്തിന് പ്രാധാന്യം നൽകും.

24) ആദിവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കും.

25) ഫലപ്രദമായ മാനേജ്മെന്റിനായി റിസോഴ്സ് ബജറ്റിങ് സംവിധാനം നടപ്പിലാക്കും.

26) വനവിഭവങ്ങളിൽ നിന്നുള്ള വസ്തുക്കളുടെയും സേവനങ്ങളുടെയും ഉപയോഗം, ശേഖരണം, വിൽപ്പന എന്നിവ കാര്യക്ഷമമാക്കി, ഇടനിലക്കാരന്റെ ചൂഷണത്തിൽ നിന്ന് മോചനം നൽകുകയും ഇവ ഉപഭോക്താവിന് ന്യായയുക്തമായി നേരിട്ട് ലഭ്യമാക്കുകയും ചെയ്യും.

## 7. സ്വാഭാവിക വനങ്ങൾ

കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പ്രധാന പങ്കും പശ്ചിമഘട്ടത്തിലാണ്.

1) ജൈവവൈവിധ്യങ്ങൾക്ക് സംരക്ഷണമൊരുക്കുകയും പരിസ്ഥിതി ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദാനം ചെയ്യുന്ന സ്വാഭാവിക വനങ്ങളെ സംരക്ഷിച്ച് പരിപാലിക്കുകയും ചെയ്യും.

2) ഭീഷണി നേരിടുന്ന ഇക്കോളജിയ വ്യൂഹത്തിന് (Critical Eco-system)സമ്പൂർണ സംരക്ഷണം നൽകും.

3) ക്ളിയർ ഫെല്ലിങ്, സെലക്ഷൻ ഫെല്ലിങ് എന്നിവയ്ക്കുള്ള സ്വാഭാവിക വനങ്ങളിലെ നിരോധനം തുടരും. അതേസമയം കാറ്റത്തു വീണതും നശിച്ചതുമായ മരങ്ങൾ പരിസ്ഥിതിക്ക് കോട്ടം സംഭവിക്കുന്നില്ലെങ്കിൽ വാണിജ്യാവശ്യങ്ങൾക്കായി അനുയോജ്യമെങ്കിൽ ഉപയോഗപ്പെടുത്തും.

4) ക്ഷയോന്മുഖമായ വനഭൂമികൾ ഫലപ്രദമായ പരിപാലന ഇടപെടലുകളിലൂടെ പുനരുജ്ജീവിപ്പിക്കും.

## 8. പ്ളാന്റേഷനുകൾ

സംസ്ഥാനത്ത് 1.81 ലക്ഷം ഫോറസ്റ്റ് പ്ളാന്റേഷനുകളാണ് ഉള്ളത്. ഇതിൽ 75,000 ഹെക്ടറും തേക്ക് പ്ളാന്റേഷനാണ്. ലോകപ്രശസ്തമാണ് കേരള തേക്ക് 1941-ൽ നിലമ്പൂരിലാണ് ലോകത്തിലെ പ്രഥമ തേക്ക് പ്ളാന്റേഷൻ സ്ഥാപിച്ചത്.

1) എല്ലാ പ്ളാന്റേഷനുകളും പ്ളാന്റേഷനുകളായി നിലനിർത്തുക. സംരക്ഷിത മേഖലയിലെ പ്ളന്റേഷനുകൾ അംഗീകൃത വനമാനേജ്മെന്റ് പദ്ധതി അനുസരിച്ച് പരിപാലിക്കും.

2) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പ്ളാന്റേഷനുകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കും.

3) തേക്കിനും പൾപ്പ് മരത്തിനും വേണ്ടി രൂപീകരിച്ച റിവോൾവിങ് ഫണ്ട് വർദ്ധിപ്പിക്കും.

4) വിദേശീയ മരങ്ങൾ നട്ടുപിടിപ്പിക്കുന്നത് നിരുൽസാഹപ്പെടുത്തും. വിവിധോദ്ദേശ്യങ്ങൾക്കായി തദ്ദേശീയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് പ്രോൽസാഹനം നൽകും.

5) ഔഷധച്ചെടികളും തടിയിതര വനവിഭവങ്ങൾക്കുവേണ്ടിയുള്ള മരങ്ങളും നിലവിലുള്ള തോട്ടങ്ങൾക്കുള്ളിൽ വെച്ചുപിടിപ്പിക്കും.

6) സമൂഹത്തിന്റെ ആവശ്യങ്ങളെ നേരിടുന്നതിനായി തടി വെട്ടലും വിൽപ്പനയും നവീകരിക്കും.

## 9. സാമൂഹിക വനവൽക്കരണം

ഭൂവിസ്തൃതിയുടെ മൂന്നിലൊന്ന് വനങ്ങളാലും വൃക്ഷങ്ങളാലും സമൃദ്ധമാക്കി ഹരിതകവചം സൃഷ്ടിക്കുക എന്നാണ് 1988-ലെ ദേശീയവനനയത്തിന്റെ ലക്ഷ്യം. ഇതിനായി സാമൂഹിക വനവൽക്കരണത്തെ ഊർജ്ജിതപ്പെടുത്തും.

1) ഹരിതകവചം വർദ്ധിപ്പിക്കുന്നതിനായി തീരവനം, എന്റെ മരം, വഴിയോരത്തണൽ തുടങ്ങിയ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കുക, തോട്ട വനവൽക്കരണം, നഗരവനവൽക്കരണം, വീട്ടുവനവൽക്കരണം തുടങ്ങിയവ സാങ്കേതിക സഹായങ്ങളുടെ അകമ്പടിയോടെ പ്രോൽസാഹിപ്പിക്കുക.

2) സ്വകാര്യനിലങ്ങളിൽ മരം നടുന്നത് പ്രോൽസാഹിപ്പിക്കുന്നതിനായി മരംമുറിയ്ക്കും, മരം കയറ്റിക്കൊണ്ടുപോകുന്നതിനുമുള്ള നിയന്ത്രണങ്ങൾ ഉദാരമാക്കും. എന്നാൽ അനിയന്ത്രിതമായ മരംമുറി തടയുന്നതിന് മുൻകരുതൽ സ്വീകരിക്കും.

3) സർക്കാർ അധീനതയിലുള്ള തരിശ് നിലങ്ങളിലും മറ്റും വനവൽക്കരണം നടത്തുന്നതിന്റെ സാധ്യത വനം വകുപ്പ് പരിശോധിക്കും.

4) വനംവകുപ്പിന്റെ ജനങ്ങളുമായുള്ള സഹവർത്തിത്വത്തിന്റെ മുഖമായി സാമൂഹ്യവനവൽക്കരണ വിഭാഗത്തെ മാറ്റിത്തീർക്കും. ഫോറസ്ട്രി ക്ലബ്ബുകൾ മുഖാന്തിരം വനവൽക്കരണത്തിന്റെ പരസ്യപ്രചാരണം നടത്തും.

5) പഞ്ചായത്ത് ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി സഹകരിച്ച് സാമൂഹ്യവനവൽക്കരണം നടപ്പിലാക്കും.

6) തദ്ദേശീയ കാട്ടുമരങ്ങൾ (Indigenous Forest Species) ഉൽപ്പാദിപ്പിക്കുന്ന നഴ്സറികൾക്ക് പ്രോൽസാഹിപ്പിക്കും.

7) പരിസ്ഥിതി സംരക്ഷണരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ, എൻ.ജി.ഒ.-കൾ വകുപ്പുകൾ എന്നിവർക്ക് പരിശീലനവും ബോധവൽക്കരണവും നൽകും.

8) വനസംരക്ഷണത്തിലും പരിസ്ഥിതി സംരക്ഷണത്തിലും ജനങ്ങൾക്കുള്ള പങ്ക്, വനംപരിസ്ഥിതി പഠനം എന്നിവ സ്കൂൾ, കോളജ് പാഠ്യപദ്ധതിയുടെ ഭാഗമാക്കും.

9) വനംവകുപ്പിന്റെ ജനകീയപ്രവർത്തനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും.

10) എൻ.ആർ.എഫ്. ഭൂമികളിലും ആദിവാസി കോളനികളിലും കാർഷികഫാം വനവൽക്കരണം പ്രോൽസാഹിപ്പിക്കും.

11) വനവൽക്കരണത്തെ പ്രോൽസാഹിപ്പിക്കുന്നതിനായി വനസംരക്ഷണസമിതിയുടെ മാതൃകയിൽ ഗ്രാമങ്ങളിൽ ഗ്രാമഹരിത സമിതികൾ രൂപീകരിക്കും.

12) നഗര വനവൽക്കരണവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ കണ്ടെത്തുകയും പരിഹരിക്കുകയും ചെയ്യും.

## 10. വന്യജീവി, ജൈവവൈവിധ്യപാലനം

സംസ്ഥാനത്ത് അഞ്ച് ദേശീയോദ്യാനങ്ങളും 13 വന്യജീവി സങ്കേതങ്ങളുമുണ്ട്. സംസ്ഥാനത്തിന്റെ മൊത്തം വിസ്തൃതിയുടെ 5.5% ആണിത്.

1) സംരക്ഷിത മേഖലകൾ ആവശ്യമെങ്കിൽ ശക്തിപ്പെടുത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യും.

2) ജൈവആവാസകേന്ദ്രങ്ങൾ മുറിച്ചുമാറ്റപ്പെടുന്നതും ഒറ്റപ്പെടുന്നതും തടയും.

3) ഒറ്റപ്പെട്ടുപോയ ജൈവസങ്കേതങ്ങളുടെ ജനിതകപരമായ തുടർച്ചയായി ഇവയ്ക്കിടയിൽ ഇടനാഴികൾ സൃഷ്ടിക്കും.

4) വനങ്ങൾക്ക് പുറത്തുള്ള ജൈവവൈവിധ്യമേഖലയുടെ സംരക്ഷണത്തിന് അർഹമായ പ്രാധാന്യം നൽകും. ഇതിനായി ജനപങ്കാളിത്തത്തോടെ ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളും ഗ്രാമഹരിത സഭകളും രൂപീകരിക്കും.

5) ദേശാടന പക്ഷികളെയും അവയുടെ ആവാസകേന്ദ്രങ്ങളെയും സംരക്ഷിക്കും.

6) വന്യജീവികളുടെ ആരോഗ്യപരിപാലനത്തിനും രോഗപ്രതിരോധത്തിനുമായി വനം വകുപ്പിലെ മൃഗസംരക്ഷണ വിഭാഗത്തെ ശക്തിപ്പെടുത്തും.

7) വന്യമൃഗങ്ങളിൽ നിന്ന് മനുഷ്യർക്ക് നേരിടുന്ന സംഘർഷാവസ്ഥകൾ ഒഴിവാക്കുന്നതിനായി ജനപങ്കാളിത്തത്തോടെ ദീർഘ-ഹ്രസ്വകാലപദ്ധതികൾ തയ്യാറാക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യും. വൈദ്യുതി വേലി നിർമ്മിക്കുന്നതിനുള്ള ചെലവിന്റെ പകുതി പഞ്ചായത്തുകൾക്ക് നൽകും.

8) സൈലന്റ്‌വാലി ദേശീയോദ്യാനത്തിന് ഒരു ആഘാതമേഖല (ബഫർ സോൺ) രേഖപ്പെടുത്തും.

9) ജൈവവൈവിധ്യസംരക്ഷണത്തിനായി പെരിയാർ ഫൗണ്ടേഷൻ പോലെ പൊതുജനപങ്കാളിത്തമുള്ള സ്ഥാപനങ്ങളുടെ മാതൃക സ്വീകരിക്കും.

10) എല്ലാ ഇക്കോളജിക്കൽ ഫ്രജൈയിൽ (ഇ എഫ്.)മേഖലകളും കണ്ടെത്തി സംരക്ഷിക്കും.

11) ജനപിന്തുണയോടെ ആവശ്യമുള്ളപ്പോൾ കൺസർവേഷൻ റിസർവ്വുകളും കമ്യൂണിറ്റി റിസർവ്വുകളും സൃഷ്ടിക്കും.

12) വനഭൂമിക്ക് പുറത്ത് അലയുന്ന മൃഗങ്ങളെ രക്ഷപ്പെടുത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും പ്രത്യേക പ്രമാണം തയ്യാറാക്കി നടപ്പിലാക്കും.

13) നാട്ടാനകളുടെ പരിപാലനത്തിനായി പ്രത്യേകസംവിധാനം രൂപപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യും.

14) സംരക്ഷിത മേഖലയിലെ ജീവജാലങ്ങളെയും അവയുടെ ആവാസകേന്ദ്രങ്ങളെയും നിരീക്ഷിക്കുന്നതിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്തും.

15) വന്യജീവിസങ്കേതങ്ങളിൽ വാർഷിക പരിസ്ഥിതി ആഡിറ്റ് നടത്തും.

## 11. ഗവേഷണം

1) വനനയം പ്രാബല്യത്തിൽ വരുത്തുന്നതിന് സഹായകരമായ ഗവേഷണം പ്രോൽസാഹിപ്പിക്കും.

2) പ്രയോഗലക്ഷ്യം മുന്നിൽകണ്ടുള്ള ഗവേഷണ പദ്ധതികൾക്ക് മുൻഗണന നൽകും.

3) നഴ്സറികൾക്കാവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ ഗവേഷണവിഭാഗം വിതരണം ചെയ്യും.

4) വനംവകുപ്പും പീച്ചിയിലെ കെ.എഫ്.ആർ.ഐ-യും ചേർന്നുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും. സമീപഭാവിയിൽത്തന്നെ ഒരു സർവ്വകലാശാലയായി വളർത്തിയെടുക്കാൻ പറ്റിയ ഒരു ഗവേഷണ സ്ഥാപനം വനംവകുപ്പിന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കാൻ ശ്രമിക്കും.

5) വിവിധ ദേശിയ, വിദേശ ഗവേഷണസ്ഥാപനങ്ങൾ വികസിപ്പിച്ചെടുക്കുന്ന സാങ്കേതികവിദ്യയും, മാനേജ്മെന്റ് രീതികളും കേരളത്തിന് അനുയോജ്യമെങ്കിൽ പരിശോധനയ്ക്ക് ശേഷം സ്വീകരിച്ച് നടപ്പിലാക്കും.

6) വനഗവേഷണരംഗത്ത് പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ വൈദഗ്ധ്യം ഉപയുക്തമാക്കും.

7) വംശനാശം സംഭവിക്കുന്ന വന്യജീവികൾ, ജന്തുസസ്യജാലങ്ങൾ എന്നിവയെ സംബന്ധിക്കുന്ന ഗവേഷണത്തിന് പ്രോൽസാഹനം നൽകും.

8) വനംവകുപ്പിന്റെ വിവിധ വിഭാഗങ്ങളിൽ നടത്തുന്ന ഗവേഷണങ്ങൾ, ഗവേഷണ വിഭാഗം ഏകോപിപ്പിക്കും.

9) വനംവന്യജീവി സംബന്ധിയായ ഗവേഷണം നടത്തുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനം നൽകും.

## 12. മനുഷ്യ വിഭവശേഷി വികസനം

1) ജീവനക്കാരുടെ മികച്ച പ്രകടനത്തിനായി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി മനുഷ്യവിഭവശേഷിവികസന പദ്ധതി തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യും. വകുപ്പുതല പരിശീലനത്തിന് പുറമെ ഇന്ത്യയ്ക്കകത്തും പുറത്തും ജീവനക്കാരെ പരിശീലനത്തിനയ്ക്കും.

2) തൊഴിൽ മികവ് വർദ്ധിപ്പിക്കുന്നതിനായി എല്ലാ ജീവനക്കാർക്കും പ്രവേശന പരിശീലനം നൽകും. പ്രവേശന പരിശീലനം വിജയകരമായി പൂർത്തിയാക്കിയതിനുശേഷം മാത്രമേ എല്ലാ തലങ്ങളിലും നിയമനം നടത്തുകയുള്ളൂ.

3) മികച്ച പ്രകടനത്തിനായി വനംവകുപ്പ് ഒരു മനുഷ്യ വിഭവശേഷി വികസന പദ്ധതി തയ്യാറാക്കും.

4) പ്രൊഫഷണൽ ധാർമ്മികതയുടെ ഒരു രൂപരേഖ വകുപ്പിനായി സ്വീകരിക്കും.

5) തൊഴിൽനൽകുന്നതിനെ സംബന്ധിച്ച് പ്രത്യേക തൊഴിൽ നയം സ്വീകരിക്കും.

6) സംസ്ഥാനത്ത് നിലവിലുള്ള പരിശീലനകേന്ദ്രങ്ങൾ ആധുനികവൽക്കരിക്കുകയും സുസജ്ജമാക്കുകയും ചെയ്യും.

7) ജീവനക്കാർക്ക് പ്രചോദനം നൽകുന്നതിനായി റിവാർഡുകളും പ്രത്യേക ആനുകൂല്യങ്ങളും അനുവദിക്കും.

8) മിനിസ്റ്റീരിയൽ ജീവനക്കാർക്കുള്ള പരിശീലനത്തിന് പ്രാധാന്യം നൽകും

9) വിവരസാങ്കേതികവിദ്യയും, വിവരസാങ്കേതികവിദ്യ അനുബന്ധസേവനങ്ങളും ഉപയോഗപ്പെടുത്തും.

10) നിലവിലുള്ള വെല്ലുവിളികളെ നേരിടുന്നതിനായി പരിശീലനപാഠ്യപദ്ധതി പുന:ക്രമീകരിക്കും.

11) ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും ചുമതലകൾ ജോലി എന്നിവയെക്കുറിച്ച് നിശ്ചിതകാലയളവിൽ സ്വതന്ത്ര്യവും ശാസ്ത്രീയവുമായ വിലയിരുത്തലുകൾ നടത്തും.

## 13. ആദിവാസി ക്ഷേമവും വികസനവും

1) വനവാസികൾക്ക് വനംവകുപ്പിനോടുള്ള വിശ്വാസം ഉറപ്പാക്കും. ആദിവാസികളുടെ അവകാശങ്ങൾ ഉറപ്പിക്കുകയും അവർക്ക് അതിന്റെ ഗുണഫലങ്ങൾ കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യും. എന്നാൽ ഈ ആനുകൂല്യങ്ങൾ ആദിവാസികളല്ലാത്തവർ തട്ടിയെടുക്കുന്നത് തടയും. ട്രൈബൽ ആന്റ് അദർ ഫോറസ്റ്റ് ഡ്വല്ലിങ് കമ്യൂണിറ്റീസ് (പ്രൊട്ടക്ഷൻ ആന്റ് റൈറ്റ്സ്) ആക്ട് 2006 നടപ്പിലാക്കും. വനഭൂമിയിലെ ആദിവാസി കോളനികളുടെ അതിരുകൾ നിർണ്ണയിക്കും.

2) വനവാസികളുടെ ജീവിതോപാധി ആവശ്യങ്ങളും, അഭിവൃദ്ധിയും സാമൂഹിക ബാധ്യതയായി വനംവകുപ്പ് കണക്കാക്കും. വനവാസികളുടെ സമഗ്രമായ വികസനത്തിനും തൊഴിലവസരമൊരുക്കുന്നതിനും വകുപ്പ് ശ്രമം നടത്തും.

3) തടിയിതരവനവിഭവങ്ങളുടെ ശേഖരണം, സംസ്കരണം എന്നിവ ക്രമീകരിക്കുകയും ഇതിന്റെ ഗുണഫലങ്ങൾ നേരിട്ട് ആദിവാസികൾക്ക് ലഭ്യമാക്കുകയും ചെയ്യും.

4) ആദിവാസി സെറ്റിൽമെന്റുകളിൽ ഉള്ള വനഭൂമികളുടെ അന്യവൽക്കരണം തടയും. മാറ്റിനിർത്തപ്പെട്ട ആദിവാസി ഭൂമി പുന:സ്ഥാപിക്കും.

5) ആദിവാസി കോളനികളിൽ നിൽക്കുന്ന മരങ്ങളുടെ പരിപാലനത്തിനായി ഒരു പ്രത്യേക ട്രീ മാനേജ്മെന്റ് പാക്കേജ് കൊണ്ടുവരും. തടി, വിറക് മുതലായവയ്ക്കുള്ള ആവശ്യങ്ങൾക്കൊപ്പം വരുമാനം ആർജ്ജിക്കുന്നതിനുമായി മരം നടുന്നത് ഈ പാക്കേജ് വിഭാവനം ചെയ്യും.

6) വനസംരക്ഷണസമിതികളിലൂടെ വനത്തിൽ താമസിക്കുന്ന ആദിവാസികളുടെ ശാക്തീകരണം ഉറപ്പാക്കും. തടിയിതര വനവിഭവങ്ങളെ ഫലപ്രദമായും

ശാസ്ത്രീയമായും ശേഖരിക്കുന്നതിനും, സംസ്കരിക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഇവരെ പ്രാപ്തരാക്കും.

7) വനത്തിന്റെ അതിരുകളിലേക്കും പുറത്തേക്കും സ്വയം താമസം മാറാനുള്ള വനവാസികളുടെയും മറ്റും ശ്രമത്തിന് പിന്തുണ നൽകും.

8) ചോലനായ്ക്കർ ഉൾപ്പെടെയുള്ള പ്രാകൃത ആദിവാസിവിഭാഗങ്ങളുടെ ക്ഷേമത്തിനായി പ്രത്യേക താൽപര്യമെടുക്കും.

## 14. തടിയിതര വനോൽപ്പന്നങ്ങൾ (എൻ.ടി.എഫ്.പി)

1) തടിയിതരവനോൽപ്പന്നങ്ങളുടെ ഔചിത്യപൂർണ്ണവും ശാസ്ത്രീയവുമായ വിളവെടുപ്പിനെയും കൈകാര്യകർതൃത്വത്തെയും പ്രോൽസാഹിപ്പിക്കും.

2) ഈറ്റ, ചൂരൽ തുടങ്ങിയ തടിയിതര വനോൽപ്പന്നങ്ങളുടെ ഉൽപാദനം കുറഞ്ഞ സാഹചര്യത്തിൽ ഇവയുടെ വർദ്ധനയ്ക്കായുള്ള ശ്രമം നടത്തും.

3) ഔഷധരംഗത്തെ സംഘടിതവും, അസംഘടിതവുമായ വിവിധ ഇന്ത്യൻ രീതികളിലെയും പാരമ്പര്യവൈദ്യരീതികളിലേതക്കും നാടൻ വിജ്ഞാനങ്ങൾ ശേഖരിക്കാനും രേഖപ്പെടുത്താനും, വികസിപ്പിക്കാനും ശ്രമം നടത്തും.

4) ഔഷധച്ചെടികൾ, മുള, ചൂരൽ, മറ്റുതടിയിതര വനോൽപ്പന്നങ്ങൾ എന്നിവയുടെ വികസനവും ഔചിത്യപൂർണ്ണമായ ഉപയോഗവും, മൂല്യവർദ്ധനവും പ്രോൽസാഹിപ്പിക്കും.

5) തടിയിതര ഉൽപ്പന്നങ്ങളുടെ ശേഖരണം, സംസ്കരണം, എന്നിവയിൽ ആധുനികവൽക്കരണം നടത്തുകയും ഇവയുടെ മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിന് ആദിവാസികൾക്ക് പരിശീലനം നൽകുകയും ചെയ്യും.

6) നിലവിലുള്ള നിയമങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി ഔഷധസസ്യങ്ങളും തടിയിതര വനോൽപ്പന്നങ്ങളും കൃഷി ചെയ്യുന്നതിന് വനസംരക്ഷണസമിതിയെ പ്രോൽസാഹിപ്പിക്കും.

7) കുടുംബശ്രീയുടെ മാതൃകയിൽ വനസംരക്ഷണ സമിതിയുടെ ഉന്നതസമിതിയായി 'വനശ്രീ' എന്ന പേരിൽ ഒരു ചാരിറ്റബിൾ സൊസൈറ്റിക്ക് രൂപം നൽകും.

## 15. തടിയുടെ ഡിമാൻഡും സപ്ലൈയും (വന അനുബന്ധ വ്യവസായങ്ങൾ)

1) മുള, ഈറ്റ അനുബന്ധ കുടിൽ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനായി മുളയും, ഈറ്റയും പരമ്പരാഗത തൊഴിലാളികൾക്ക് കുറഞ്ഞ വിലയ്ക്ക് നൽകും. പരമ്പരാഗത തൊഴിലാളികൾക്ക് ഈറ്റ, ബാംബൂ കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നത് തുടരും.

2) വ്യവസായ–ഗാർഹിക ആവശ്യങ്ങളെ നേരിടുന്നതിനായി വാണിജ്യാവശ്യങ്ങൾക്കുള്ള തടിയുടെ ഉൽപാദനവും വിപണനവും നവീകരിക്കും.

3) സർക്കാർ തടി ഡിപ്പോയിൽ നിന്നുള്ള തടിയുടെ വിൽപനയും മറ്റും ഓൺ ലൈനിൽ ലഭ്യമാക്കുകയും സുതാര്യമാക്കുകയും ചെയ്യും.

4) സ്വകാര്യഭൂമിയിൽ തടിയാവശ്യത്തിനായി മരം നടുന്ന കർഷകരെ മധ്യവർത്തികളുടെ ചൂഷണത്തിൽ നിന്നും രക്ഷപ്പെടുത്തുന്നതിനായി ട്രീ ഗ്രോവേഴ്സ് കോർപ്പറേഷനോ സമാനമായ സ്ഥാപനമോ സ്ഥാപിക്കും.

5) ക്യാപ്റ്റീവ് പ്ലാന്റേഷനുകൾക്കുപുറമെ സ്വകാര്യവ്യക്തികളിൽ നിന്നും മരം വാങ്ങി ആവശ്യങ്ങളെ നേരിടാൻ വനാധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകും.

6) പരമ്പരാഗതമായി ഉപയോഗിക്കാത്ത തടികളും, തടിയ്ക്ക് ബദലായി ഉപയോഗിക്കാവുന്ന ഉത്പന്നങ്ങളെയും പ്രോത്സാഹിപ്പിക്കും. അത്തരം സാങ്കേതിക വിദ്യയ്ക്ക് പ്രോത്സാഹനം നൽകും.

7) മരം ഉപയോഗിച്ചുള്ള കരകൗശലവ്യവസായത്തെ പ്രോത്സാഹിപ്പിക്കും.

## 16. മറയൂരിലെ ചന്ദനക്കാടുകളുടെ പരിപാലനം

1) ചന്ദനക്കടത്ത് തടയുന്നതിനായി ചന്ദനത്തൈലം ഉത്പാദനത്തിന്റെ അവകാശം പൊതുമേഖലയ്ക്ക് മാത്രമാക്കും. കർശനമായ ശിക്ഷാനടപടികൾ ഉൾപ്പെടുത്തി ചന്ദനസംരക്ഷണത്തിനായി പ്രത്യേക നിയമം കൊണ്ടുവരും.

2) ചന്ദനമരങ്ങൾ അനധികൃതമായി മുറിക്കുന്നത് തടയുന്നതിനും സ്വാഭാവിക ചന്ദനക്കാടുകൾ പുന:സൃഷ്ടിക്കുന്നതിനും വിവിധ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കും.

3) ചന്ദനം വെട്ടുന്നതിനും സംസ്കരിക്കുന്നതിനുമുള്ള അധികാരം സർക്കാരിനു മാത്രമായിരിക്കും.

## 17. തീരപ്രദേശങ്ങൾ

1) പ്രകൃതി ദുരന്തങ്ങളുടെ ആഘാതം കുറക്കുന്നതിനും, പരിസ്ഥിതി അനുബന്ധ സേവനങ്ങൾ ലഭിക്കുന്നതിനുമായി വനവൽക്കരണ വികസന പാക്കേജ് തീരപ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കും.

2) പ്രകൃതി ദുരന്തങ്ങളെ ചെറുക്കുന്നതിനായി ജൈവഭിത്തി ഉയർത്തും. തീരവനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കും.

3) തീരസംരക്ഷണ നിയമം (സി.ആർ.ഇസഡ്), പരിസ്ഥിതി സംരക്ഷണ നിയമം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഈ നിയമങ്ങളിൽ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ അധികാരങ്ങൾ നൽകും

4) ഒരു മറൈൻ നാഷണൽ പാർക്ക് സ്ഥാപിക്കുന്നതിലൂടെ സമുദ്രജൈവവ്യവസ്ഥയ്ക്ക് അർഹമായി പ്രാധാന്യം നൽകുകയും ശാസ്ത്രീയമായി സംരക്ഷിക്കുകയും ചെയ്യും.

## 18. ചതുപ്പു നിലങ്ങൾ

1) നിലവിലുള്ള ചതുപ്പുനിലങ്ങളുടെ പരിപാലനത്തിനായി ശാസ്ത്രീയവും, പാരിസ്ഥിതികവുമായി തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള സംവിധാനം കൊണ്ടുവരും.

2) റംസാർ സൈറ്റ് ഉൾപ്പെടെയുള്ള രാജ്യാന്തര-ദേശീയ അംഗീകാരം കിട്ടിയ മേഖലകൾ ജനപങ്കാളിത്തത്തോടെ ശാസ്ത്രീയമായി പരിപാലിക്കും.

## 19. നദീപ്രാന്ത ജൈവവ്യവസ്ഥ

1) നദികളിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനായി വനങ്ങളിലുള്ള നദിയുടെ വൃഷ്ടി പ്രദേശങ്ങൾ ഏകീകൃത നീർമറി സമീപനത്തിലൂടെ പരിപാലിക്കുകയും ഈ ലക്ഷ്യത്തിനായി വനശാസ്ത്രപരമായതും അല്ലാത്തതുമായ ഇടപെടലുകൾ നടത്തുകയും ചെയ്യും.

2) ജനപങ്കാളിത്തത്തോടെയുള്ള വനവൽക്കരണത്തിലൂടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടിയും നദീതീരങ്ങൾ സംരക്ഷിക്കും.

3) നദികളുടെ പരിസരങ്ങളുടെ സംരക്ഷണം, നദികളെ ആശ്രയിച്ച് ജീവിക്കുന്നവരുടെ വികസനം എന്നീ ലക്ഷ്യപ്രാപ്തിക്കായി വനവൽക്കരണം, ഇതര ഇടപെടലുകളിലൂടെ സംസ്ഥാനത്തെ 44 നദികളുടെ വൃഷ്ടി പ്രദേശങ്ങളുടെ സമ്പൂർണ്ണ വികസനം ഉറപ്പുവരുത്തും.

## 20. കണ്ടലുകൾ

1) കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനായി കണ്ടൽ വികസന അതോറിറ്റി രൂപീകരിക്കും

2) സർക്കാർ-തദ്ദേശസ്ഥാപനങ്ങളുടെ കൈവശമുള്ള കണ്ടൽകാടുകൾ റിസർവ്വ് വനങ്ങളാക്കി പങ്കാളിത്ത വ്യവസ്ഥയിൽ സംരക്ഷിക്കും.

3) സ്വകാര്യഭൂമിയിലുള്ള കണ്ടൽക്കാടുകൾ ഏറ്റെടുക്കുക. ഏറ്റെടുക്കാൻ സമ്മതം ലഭിക്കാത്ത കണ്ടൽക്കാടുകൾ ഉടമസ്ഥനുമായ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ പരിപാലിക്കും.

## 21. കാവുകൾ

1) താണപ്രദേശങ്ങളിൽ കണ്ടുവരുന്ന നിത്യഹരിതവനങ്ങളുടെ ചെറുപതിപ്പുകളാണ് കാവുകൾ. കൈയ്യേറ്റങ്ങളിൽ നിന്നും, മറ്റു നശീകരണപ്രവർത്തനങ്ങളിൽ നിന്നും, അശാസ്ത്രീയമായ വികസനപ്രവർത്തനങ്ങളിൽ നിന്നും കാവുകളെ സംരക്ഷിക്കുന്നതിനായി കാവുകളുടെ മേൽനോട്ടം വഹിക്കുന്നവർക്കും ഉടമകൾക്കും നിയമ-സാമ്പത്തിക സഹായം നൽകും.

2) കാവുകളുടെ നടത്തിപ്പിന്റെയും സംരക്ഷണത്തിന്റെയും ഉത്തരവാദിത്വം സമീപവാസികൾക്ക് കൈമാറും

3) നശിക്കുകയോ, അനാഥമായി കിടക്കുകയോ ചെയ്യുന്ന കാവുകളുടെ പുന:രുദ്ധാരണത്തിനായി സാങ്കേതിക-സാമ്പത്തിക സഹായം നൽകും. ആവശ്യമായ സ്ഥലങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് സഹായം നൽകും.

## 22. പാട്ടം

1) വനംവകുപ്പിന്റെ പാട്ടം പുതുക്കുകയോ, പുതുക്കാതിരിക്കുകയോ ചെയ്യുമ്പോൾ പ്രാദേശിക സമ്പദ്വ്യവസ്ഥയെയും അവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും താൽപര്യം കൂടി പരിഗണിക്കും.

2) പൊതുതാൽപര്യം മുൻനിറുത്തി കാലോചിതമായി പാട്ടത്തുകയും പാട്ടവ്യവസ്ഥകളും സർക്കാർ പുതുക്കി നിശ്ചയിക്കും.

3) അവശ്യ സാഹചര്യങ്ങളിൽ കേന്ദ്രസർക്കാരിന്റെ അനുമതിയോടെ മാത്രമേ പുതിയ പാട്ടം അനുവദിക്കുകയുള്ളൂ.

## 23. പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം (Eco–Tourism)

1) പരിസ്ഥിതി മാനേജ്മെന്റിനകത്തു നിന്നുകൊണ്ട് മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പാവപ്പെട്ടവർക്ക് ജീവനോപാധി കണ്ടെത്തുന്നതിനും പരിസ്ഥിതി സൗഹൃദ ടൂറിസത്തിന് അനന്ത സാധ്യതകളുണ്ട്. എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളുടെയും വികസനത്തിനും പരിപാലനത്തിനും പ്രാമുഖ്യം നൽകും.

2) പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരകേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും അവയുടെ നടത്തിപ്പിനും വനസംരക്ഷണ സമിതി ഉൾപ്പെടെയുള്ള പ്രാദേശിക പങ്കാളിത്ത പദ്ധതികൾ പ്രയോജനപ്പെടുത്തും.

3) പുതിയ പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര കേന്ദ്രങ്ങളും, വനംവകുപ്പ് ആവിഷ്ക്കരിക്കുന്ന വിവിധ പദ്ധതികളും, കൂടുതൽ ജനങ്ങൾക്ക് എത്തിക്കുന്നതിന് വിനോദസഞ്ചാര വകുപ്പുമായി സഹകരണം ഉറപ്പാക്കും.

4) അതാത് സ്ഥലങ്ങളുടെ തനിമ നിലനിർത്തുന്നതിനായി പരിസ്ഥിതി സൗഹൃദ ടൂറിസത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തും.

## 24. ബോധവൽക്കരണ പരിപാടികൾ

1) പ്രതികൂല സാഹചര്യങ്ങളെ നേരിട്ട് പ്രകൃതിയുടെ വരദാനത്തെ സംരക്ഷിക്കുകയാണ് വനംവകുപ്പ്. വകുപ്പിന്റെ നേട്ടങ്ങളെയും വെല്ലുവിളികളെയും പുതിയ പദ്ധതികളെയും പൊതുജനങ്ങളെയും നയരൂപീകരണം നടത്തുന്നവരെയും ഫലപ്രദമായി അറിയിക്കുക.

2) എല്ലാവിഭാഗം ജനങ്ങളുടെ സഹകരണത്തോടെ മാത്രമേ വനസംരക്ഷണം സാധ്യമാകൂ. വനം–പരിസ്ഥിതി സംബന്ധിയായ കാര്യങ്ങളിൽ പൊതുജനങ്ങളെ ബോധവൽക്കരിക്കുകയും, അതുവഴി പ്രകൃതിയുടെ മേലുള്ള ആഘാതം കുറക്കുകയും ചെയ്യും. ഈ ലക്ഷ്യങ്ങൾക്കായി മാധ്യമങ്ങൾ വഴിയുള്ള പ്രചാരണവും നടത്തും.

3) വനംവകുപ്പിന്റെ മാധ്യമപ്രചാരണത്തിന്റെ പ്രധാന ലക്ഷ്യം വനസംരക്ഷണത്തിൽ സ്വന്തം പങ്ക് ജനങ്ങളെ ബോധ്യമാക്കുകയാണ്.

4) കുട്ടികളും, യുവാക്കളും നാടിന്റെ വഴികാട്ടികളാണ്. സ്ക്കൂളുകളിലും കോളജുകളിലും വിവിധ സ്ഥാപനങ്ങളിലും പ്രചാരണപരിപാടികൾ സംഘടിപ്പിക്കും.

5) വനംവകുപ്പിന്റെ പുതിയ സംഭവവികാസങ്ങൾ അറിയിക്കുന്നതിനായി മാധ്യമങ്ങളുമായി ഇടക്കിടെ ആശയവിനിമയം നടത്തും.

6) വനംവകുപ്പിന്റെ പബ്ളിസിറ്റി–എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ ശക്തമാക്കും.

## 25. ജനപങ്കാളിത്തം

1) വനങ്ങളുമായി ബന്ധപ്പെട്ട് ജീവിക്കുന്ന വിഭാഗങ്ങളുടെ ജീവനോപാധിക്ക് പ്രാമുഖ്യം നൽകും.

2) വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന വിഭാഗങ്ങളുമായി നല്ലബന്ധം സ്ഥാപിക്കും. അവരെ തീരുമാനമെടുക്കുന്ന പ്രക്രിയയിൽ ഭാഗഭാക്കാക്കുകയും സംരക്ഷണ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യും.

3) വനവുമായി ബന്ധപ്പെട്ട ജീവിക്കുന്ന വിഭാഗങ്ങളുമായുള്ള പങ്കാളിത്തം ശക്തമാക്കുകയും, അതുവഴി വന സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്യും.

4) ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പ്രാദേശികഭരണകൂടവുമായി വനംവകുപ്പ് സഹകരിച്ച് പ്രവർത്തിക്കും.

## 26. നിരീക്ഷണവും വിലയിരുത്തലും

1) വിവിധ പദ്ധതികളുമായി ബന്ധപ്പെട്ടുള്ള നിരീക്ഷണവും വിലയിരുത്തലും നടത്തുന്നതിനായി വകുപ്പിനകത്തും പുറത്തും പ്രത്യേക സംവിധാനം ഒരുക്കും. പരമാവധി വിവരങ്ങൾ വെബ്സൈറ്റ് വഴി പരസ്യപ്പെടുത്തും.

2) ഓരോ പദ്ധതിയും നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിനായി സംസ്ഥാനതല പോളിസി മോണിറ്ററിംഗ് സെൽ രൂപീകരിക്കും. പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനുപുറമെ വേണ്ട മാറ്റത്തിരുത്തലുകൾ ഈ സെൽ നിർദ്ദേശിക്കും.

## 27. നിർവ്വഹണ പദ്ധതികൾ

വനനയം അംഗീകരിക്കുമ്പോൾ ഈ നയപരിപാടികൾ നടപ്പിലാക്കുന്നതിനും ഓരോ നയപരിപാടികളും സമയക്രമം നിശ്ചയിക്കുന്നതിനും വ്യക്തികൾക്ക് ചുമതലകൾ കൈമാറുന്നതിനും വനംവകുപ്പ് നിർവ്വഹണ പദ്ധതികൾ ആവിഷ്ക്കരിക്കും.

## 28. സംഗ്രഹണം

വനനയം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിയമനിർമ്മാണത്തിനൊപ്പം ആവശ്യമായ ഫണ്ടും അടിസ്ഥാനസൗകര്യങ്ങളും ഏർപ്പെടുത്തും. ഇതിനായുള്ള തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുകയും ആവശ്യമായ തുക സമയത്തിന് അനുവദിക്കുകയും ചെയ്യുക. വനനയം ഫലപ്രദമായി നടപ്പിലാക്കുന്നതുവഴി ഇതിന്റെ വീക്ഷണവും, ലക്ഷ്യങ്ങളും ഫലപ്രാപ്തി ആക്കാൻ സാധിക്കും.

വനങ്ങൾ സംരക്ഷിക്കാം
നാടിനെ രക്ഷിക്കാം